ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-**400001**

ജൂലൈ 04, 2018

## വ്യാജ ഇ- മെയിലുകൾക്കെതിരെ ഭാരതീയ റിസർവ് ബാങ്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ പേരുപയോഗിച്ച് പൊതുജനങ്ങളെ വഞ്ചിക്കുന്ന വ്യക്തികളുടെ അധാർമികമായ പ്രവർത്തനങ്ങളെ കുറിച്ച് റിസർവ് ബാങ്ക് കാലാകാലങ്ങളിൽ ആവർത്തിച്ചു ഊന്നിപ്പറയുന്നുണ്ട്. ഇത്തരം വ്യക്തികൾ ബാങ്കിന്റെ വ്യാജ ലെറ്റർ ഹെഡ്, ഇ-മെയിൽ എന്നിവ ഉപയോഗിച്ച് ബാങ്കിന്റെ ജീവനക്കാരായി ആൾമാറാട്ടം നടത്തി കപട വാഗ്ദാനങ്ങളും ഭാഗ്യക്കുറി സമ്മാനങ്ങളും വിദേശത്തു നിന്നുള്ള പണലഭ്യതയും വാഗ്ദാനം ചെയ്തു കൊണ്ട് ജനങ്ങളെ വശീകരിക്കുന്നു. ഇവരുടെ വലയിൽ പെടുന്ന ആളുകളിൽ നിന്നും വിദേശ കറൻസി രൂപയായി മാറ്റാനുള്ള ചെലവ്, മുൻകൂർ പണം അടവ്, പ്രവർത്തന ചെലവ് എന്നീ രൂപത്തിൽ പണം തട്ടിയെടുക്കുന്നു. പൊതുജനങ്ങളിൽ അറിവ് വർധിപ്പിക്കാനുള്ള പ്രചാരണത്തിന്റെ ഭാഗമായി ഇത്തരം വ്യാജ ഇ - മെയിലുകൾക്കെതിരെ പൊതുജനങ്ങൾക്ക് SMS ൽ കൂടിയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയുള്ള പരസ്യം വഴിയും മറ്റു രീതികളിൽ കൂടിയും ബോധവൽക്കരണം നടത്തുന്നുണ്ട്.

താഴെ പറയുന്നവ റിസർവ് ബാങ്ക് ആവർത്തിച്ചു പറയുന്നു:

- വ്യക്തികൾക്കു വേണ്ടി യാതൊരു അക്കൗണ്ടും റിസർവ് ബാങ്കിൽ അനുവദിക്കുന്നതല്ല
- റിസർവ് ബാങ്ക് ഉദ്യോഗസ്ഥരായി ആൾമാറാട്ടം നടത്തുന്നവരെ സൂക്ഷിക്കുക
- ഭാഗ്യക്കുറി സമ്മാനം ലഭിച്ചു, വിദേശത്തു നിന്നും പണം ലഭിച്ചു എന്നിങ്ങനെയുള്ള വ്യാജ ഫോൺ വിളികൾ റിസർവ് ബാങ്കിൽ നിന്നും ആരും ഒരിക്കലും ചെയ്യാറില്ല
- ഭാഗ്യക്കുറി ലഭിച്ചു എന്ന ഇ-മെയിൽ സന്ദേശം റിസർവ് ബാങ്കിൽ നിന്നും അയക്കില്ല.
- റിസർവ് ബാങ്കിന്റെ ഔദ്യോഗികവും യഥാർത്ഥവുമായ ഒരേ ഒരു വെബ്സൈറ്റ് (https://www.rbi.org.in/ അല്ലെങ്കിൽ https://rbi.org.in/) ആണ്. വ്യാജ അടയാള ചിഹ്നങ്ങളോട് കൂടി 'റിസർവ് ബാങ്ക് ', RBI എന്നീ സമാന പേരുകളിൽ തുടങ്ങുന്ന വ്യാജ വെബ്സൈറ്റുകളിൽ പെട്ട് വഞ്ചിതരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് പൊതുജനങ്ങളെ അറിയിക്കുന്നു.

- ഇത്തരം തട്ടിപ്പുകളെ കുറിച്ചു സൈബർ ക്രൈം അധികാരികളെയും പോലീസ് സേനയെയും വളരെ വേഗം അറിയിക്കുക

റിസർവ് ബാങ്കിന്റെ പേരിൽ വരുന്ന വ്യാജ ഇ-മെയിലുകൾ അവഗണിക്കണമെന്നും തട്ടിപ്പുകാരുടെ ഇരയാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും അറിയിക്കുന്നു.

ജോസ് ജെ.കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പ്രസ്താവന : **2018-2019/34**

## ബന്ധപ്പെട്ട പത്ര പ്രസ്താവനകളും വിജ്ഞാപനങ്ങളും

| | |
|---|---|
| ജൂൺ 12, 2018 | RBI വെബ്സൈറ്റ് വഴി അല്ലാതെ മറ്റു മാർഗങ്ങളിൽ നിന്നും ലഭിക്കുന്ന റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട വാർത്തകൾക്കെതിരെ തൊഴിലന്വേഷകർക്ക് ജാഗ്രതാ നിർദ്ദേശം |
| ഫെബ്രുവരി 8, 2018 | RBI യുടെ പേരിൽ ഉള്ള വ്യജ വെബ്സൈറ്റുകൾക്കെതിരായുള്ള ജാഗ്രതാ നിർദ്ദേശം |
| ഏപ്രിൽ 11, 2015 | 'All Bank Balance Enquiry' ആപ്പിനെതിരായ ജാഗ്രതാ നിർദ്ദേശം |
| ജനുവരി 01, 2015 | മൾട്ടി ലെവൽ മാർക്കറ്റിംഗ് ആക്ടിവിറ്റികൾക്കെതിരായ ജാഗ്രതാ നിർദ്ദേശം |
| നവംബർ 21, 2014 | RBI യുടെ പേരിൽ ക്രെഡിറ്റ് കാർഡ് : RBI യുടെ പേരുപയോഗിച്ചു നടത്തുന്ന ഏറ്റവും പുതിയ തട്ടിപ്പിനെതിരെ ജാഗ്രതാ നിർദ്ദേശം |
| മെയ് 26, 2014 | RBI യുടെ പേരിൽ ഉള്ള വ്യജ വെബ്സൈറ്റുകൾക്കെതിരായുള്ള ജാഗ്രതാ നിർദ്ദേശം |
| ഒക്ടോബർ 15, 2012 | RBI യുടെ പേരിൽ വരുന്ന വ്യാജ മെയിലുകൾക്കെതിരേ ജാഗ്രതാ നിർദ്ദേശം |
| സെപ്റ്റംബർ 14 2012 | ഇന്റർനെറ്റ് ബാങ്കിങ് അക്കൗണ്ട് വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ടുള്ള RBI യുടെ പേരിൽ വരുന്ന വ്യാജ മെയിലുകൾക്കെതിരേ ജാഗ്രതാ നിർദ്ദേശം |
| മെയ് 21, 2012 | ഫിഷിങ് മെയിലുകൾക്കെതിരേ RBI യുടെ താക്കീത് |
| ഫെബ്രുവരി 06, 2012 | വ്യാജ വാഗ്ദാനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് വീണ്ടും RBI യുടെ താക്കീത് |
| ഏപ്രിൽ 05, 2011 | നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ RBI ഒരിക്കലും അന്വേഷിക്കാറില്ല |
| ഫെബ്രുവരി 15, 2011 | വിദേശത്തു നിന്നും വൻതുക ലഭിക്കുമെന്ന വ്യാജ വാഗ്ദാനം വിശ്വസിച്ച് പണം നൽകരുത്- RBI യുടെ ഉപദേശം |
| മെയ് 28, 2010 | പണം ലഭിക്കുമെന്ന വ്യാജ വാഗ്ദാനങ്ങളിൽ കുടുങ്ങരുത്- RBI |

| | |
|---|---|
| | യുടെ ഉപദേശം |
| മെയ് 26, 2010 | ഭാഗ്യക്കുറി സമ്മാനം, മറ്റു വ്യാജ വാഗ്ദാനങ്ങൾ എന്നിവ വിശ്വസിച്ച് പണം അയക്കരുത് |
| ജൂലൈ 30, 2009 | ഭാഗ്യക്കുറി സമ്മാനം, മറ്റു വ്യാജ വാഗ്ദാനങ്ങൾ - അപകടത്തിൽ പെടാതെ സൂക്ഷിക്കുക |
| ഡിസംബർ 07, 2007 | ഭാഗ്യക്കുറി സമ്മാനം, മറ്റു വ്യാജ വാഗ്ദാനങ്ങൾ എന്നിവയ്ക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കുക |